(ഡി) മുൻ സർക്കാരിന്റെ കാലയളവിൽ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 39,25,000 രൂപ അനുവദിച്ചിരുന്നു. 2008-ൽ കേരള കലാമണ്ഡലവുമായി ഉണ്ടാക്കിയ ധാരണ അനുസരിച്ച് കലാപീഠം പ്രവർത്തനം തുടങ്ങി. തുള്ളൽ, കർണ്ണാടക സംഗീതം, മോഹിനിയാട്ടം, മൃദംഗം എന്നീ കലാവിഷയങ്ങളിൽ ത്രിവൽസര പാർട്ട് ടൈം കോഴ്സുകൾ ആരംഭിച്ചു. ആയതിന് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകുന്നു. നാട്യശാല നിർമ്മിച്ചു. കുഞ്ചൻ നമ്പ്യാരെക്കുറിച്ചും തുള്ളലിനെക്കുറിച്ചും പ്രതിപാദിക്കുന്ന ത്രിദളം ഡി.വി.ഡി. തയ്യാറാക്കി. സ്മാരകത്തിന്റെ വെബ്സൈറ്റ് നിലവിൽവന്നു.

കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണം

102 (1538) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണം കേരള കലാമണ്ഡലത്തിനെ ഏൽപ്പിച്ചത് എന്നാണ് ; നവീകരണ പ്രവർത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നവീകരണം എന്നേക്ക് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) നവീകരണ പ്രവർത്തനത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്ര രൂപയാണ് ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണത്തിനായി 4 ലക്ഷം രൂപ കലാമണ്ഡലത്തിന് മുൻകൂറായി 2014 ജനുവരി മാസത്തിൽ നൽകിയിട്ടുണ്ട്. കഥകളി രൂപങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഥകളി ചമയങ്ങളുടെ മരപ്പണികളും ആടയാഭരണ അലങ്കാരാദികളും പൂർത്തിയാക്കി വരുന്നു.

(ബി) നവീകരണ പ്രവർത്തനങ്ങൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്.

(സി) നവീകരണ പ്രവർത്തനത്തിന് 8 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly